**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 445** **23-06-2026-ൽ മറുപടിയ്ക്ക്**

**ചെറുകിട വ്യവസായളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ചെറുകിട വ്യവസായ കേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** വാണിജ്യ മേഖല വികസിപ്പിക്കുന്നതിലൂടെയും സർക്കാരിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്ന തിലൂടെയും സാമ്പത്തിക പ്രവർത്തനങ്ങൾക്കും തൊഴിലവസരങ്ങൾക്കും ഉത്തേജനം നൽകാൻ സർക്കാർ ലക്ഷ്യമിടുന്നു. ചില്ലറ വ്യാപാര മേഖലയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുകയും എം.എസ്.എം.ഇ.കളുടെ വിപണി സാധ്യത, കയറ്റുമതി മത്സരശേഷി, അടിസ്ഥാന സൗകര്യ തടസ്സങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുകയും ചെയ്യുക എന്നതാണ് പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. സുസ്ഥിര വാണിജ്യ വളർച്ചയ്ക്കായി ദീർഘകാല നയം രൂപീകരിക്കുക, മേഖലാധിഷ്ഠിത പരിപാടികൾ, സംസ്ഥാന/ദേശീയ/അന്താരാഷ്ട്ര വ്യാപാര മേളകൾ, മെഷിനറി എക്സ്പോ, അഗ്രോ ഫുഡ് പ്രോ, ജില്ലാതല പ്രദർശനങ്ങൾ എന്നിവയിലൂടെ സംരംഭങ്ങളുടെ വിപണി പ്രവേശനം സുഗമമാക്കുക. ഉൽപ്പന്ന വാണിജ്യവൽക്കരണം, ഇ-കൊമേഴ്സ്, കയറ്റുമതി സർട്ടിഫിക്കേഷനുകൾ, ബി2ബി മീറ്റുകളിലും പ്രതിനിധി സംഘങ്ങളിലും പങ്കെടുക്കൽ. എം.എസ്.എം.ഇ.കൾ, സ്റ്റാർട്ടപ്പുകൾ, പരമ്പരാഗത വ്യവസായങ്ങൾ എന്നിവയുടെ മാർക്കറ്റിംഗ്, ബ്രാൻഡിംഗ്, ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കൽ തുടങ്ങിയവ സംരംഭക പ്രോത്സാഹനത്തിന്റെ ഭാഗമായി ലക്ഷ്യമിടുന്നു.

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ (MSME) പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായമായി സബ്സിഡികൾ, ലൈസൻസ് ലഘൂകരണം, സാങ്കേതിക പരിശീലനം ഉൾപ്പെടെയുള്ള വിവിധ പരിശീലനങ്ങൾ, വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

സൂഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷുറൻസ് പദ്ധതി സംരംഭകർക്കുള്ള വിവിധ ശേഷി വികസന പരിപാടികളായ ടെക്നോളജി ക്ലിനിക്കുകൾ, സംരംഭക ബോധവൽക്കരണ പരിപാടികൾ, സംരംഭകത്വ വികസന പരിപാടികൾ, എം.എസ്.എം.ഇ ക്ലിനിക്കുകൾ എന്നിവയും സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലുള്ള സഹായ പദ്ധതികളായ സംരംഭക സഹായ പദ്ധതി(ESS), ഒരു കുടുംബം ഒരു സംരംഭം പദ്ധതി (OFOE), നാനോ യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്പദ്ധതി (MMG-Nano), നിലവിലുള്ള എം. എസ്.ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽനിന്ന്

ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി (മിഷൻ1000), തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്ന തിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units) പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി [പി എം ഇ ജി പി] എന്നീ പദ്ധതികൾ തുടർന്നുകൊണ്ടു പോകുന്നതിനും ഉദ്ദേശിക്കുന്നു.

**(ബി)** കിൻഫ്ര പാർക്കുകളുടെ നവീകരണത്തിനും പശ്ചാത്തല വികസനങ്ങൾക്കും വേണ്ടി പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കിൻഫ്ര പാർക്കുകളുടെ നവീകരണവും പശ്ചാത്തല വികസനവും, മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയുള്ള കിൻഫ്ര പാർക്കിലെ കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരണവും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**(സി)** മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിലുള്ള കിൻഫ്ര പാർക്കിന്റെ നവീകരണത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**